"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ശുചിത്വ മിഷൻ - ജീവനക്കാര്യം - ശ്രീമതി.കെ.ഷീബയുടെ (എച്ച്. എസ്. എസ്. ടി. (ജൂനിയർ) ഹിന്ദി, ടിവി പുരം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ, വൈക്കം) തിരുവനന്തപുരം ജില്ലാ ശുചിത്വമിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലെ അന്യത്രസേവനകാലം ദീർഘിപ്പിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.519/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 21/02/2021

---

പരാമർശം:- 1 10.05.2013 സർക്കുലർ നം.42/2013/ധന.

2 28.11.2013-ലെ സ.ഉ.(സാധാ.) നം.518/2013/ധന.

3 25.02.2017-ലെ സ.ഉ.(സാധാ.) നം.542/2017/ത.സ്വ.ഭ.വ.

4 17.03.2018-ലെ സ.ഉ.(സാധാ.) നം.1092/2018/ത.സ്വ.ഭ.വ.

5 31.05.2019-ലെ സ.ഉ.(സാധാ.) നം.1111/2019/ത.സ്വ.ഭ.വ.

6 30.07.2020-ലെ സ.ഉ.(സാധാ.) നം.1425/2020/ത.സ്വ.ഭ.വ.

7 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 10.02.2021-ലെ 603/ബി/2018/എസ്.എം. നം. കത്ത്.

ഉത്തരവ്

കോട്ടയം ജില്ലയിലെ വൈക്കം ടിവി പുരം ഗവ.ഹയർ സെക്കണ്ടറി സ്കൂൾ എച്ച്.എസ്.എസ്.ടി. (ജൂനിയർ) ഹിന്ദി ടീച്ചറായ ശ്രീമതി.കെ.ഷീബയ്ക്ക് പരാമർശം (3) ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരം ജില്ലാ ശുചിത്വമിഷനിൽ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിൽ അന്യത്ര സേവന വ്യവസ്ഥയിൽ നിയമനം നൽകുകയും തുടർന്ന് പരാമർശം (4),(5),(6) എന്നീ ഉത്തരവുകൾ പ്രകാരം ഓരോ വർഷത്തേയ്ക്ക് അന്യത്ര സേവന കാലാവധി ദീർഘിപ്പിച്ച നൽകുകയും ചെയ്തു. ടിയാളുടെ അന്യത്രസേവനകാലം 31.03.2021-ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 01.04.2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകുന്നതിനായി ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ, പരാമർശം (7) ലെ കത്ത് പ്രകാരം സർക്കാറിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി.കെ.ഷീബയുടെ (എച്ച്.എസ്. എസ്.ടി. (ജൂനിയർ) ഹിന്ദി, ടിവി പുരം ഗവ. ഹയർ സെക്കണ്ടറി സ്കൂൾ, വൈക്കം) തിരുവനന്തപുരം ജില്ലാ ശുചിത്വ മിഷനിലെ അസിസ്റ്റന്റ് കോ-ഓർഡിനേറ്റർ (ഐ.ഇ.സി) തസ്തികയിലെ അന്യത്രസേവന കാലം കേരള സർവ്വീസ് ചട്ടങ്ങൾ ഭാഗം I, ചട്ടം 140(സി) യിലെ വ്യവസ്ഥകൾക്കും പരാമർശം (1), (2) എന്നിവയിലെ മാനദണ്ഡങ്ങൾക്കും വിധേയമായി 01.04.2021 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഹരികുമാർ എ എസ്**
**അണ്ടർ സെക്രട്ടറി**

പകർപ്പ്

എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
ശ്രീമതി. കെ.ഷീബ, (ഹയർ സെക്കണ്ടറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ഇ&ആർഎസ്എ/ജി&എസ്എസ്എ), കേരളം,

തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ